**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1418** **11-06-2019 ൽ മറുപടിക്ക്**

**പാട്ടക്കുടിശ്ശിക ഈടാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ.അബ്ദു റബ്ബ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാട്ടവ്യവസ്ഥ ലംഘിച്ച് കോടികൾ വിലമതിക്കുന്ന സർക്കാർഭൂമി കൈവശം വച്ചിരിക്കുന്ന വ്യക്തി കളുടെയും സംഘടനകളുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവയ്ക്ക് പാട്ടം അനുവദിച്ച ഭൂമിയുടെ വിവരം ശേഖരിച്ചു. വ്യക്തികളുടെ വിവരം ശേഖരിച്ചു വരുന്നു. സംസ്ഥാനത്ത് ആകമാനം 697 സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക് പാട്ടം അനുവദിച്ചിട്ടുള്ളതായി കാണുന്നു. ടി സ്ഥാപനങ്ങൾ/സംഘടനകളുടെ കൈവശം പാട്ട ഭൂമിയായി 3118 ഹെക്ടർ ഭൂമി ഉണ്ട്. |
| (ബി) ഇവരിൽ നിന്നും ഈടാക്കേണ്ട പാട്ടക്കുടിശ്ശിക കണക്കാക്കിയിട്ടുണ്ടോ; | (ബി) സംഘടനകളും സ്ഥാപനങ്ങളും 1155 കോടി രൂപ പാട്ട കുടിശ്ശിക വരുത്തിയിട്ടുണ്ട്. |
| (സി) നിയമാനുസൃതം ലഭിക്കേണ്ട പാട്ട ക്കുടിശ്ശിക ഈടാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) സ്ഥാപനങ്ങൾ/സംഘടനകൾ/വ്യക്തികൾ എന്നിവയുടെ പാട്ട കുടിശ്ശിക കണക്കാക്കാനും ടി കക്ഷികളെ നിയമാനുസൃത നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും, പാട്ട കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കുന്നതിനും നടപടി സ്വീകരിക്കാനും ടി കക്ഷികൾ വിസമ്മതിക്കുന്ന പക്ഷം പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച വിശദമായ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**